(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി8/171/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ 0495 2371012
ഇ-മെയിൽ dokkd.ksad@kerala.gov.in

തീയതി 14.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൊച്ചാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. കെ.കെ.ഡി.പി.8/171 /2020 തിയ്യതി:14.02.2020

**കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നൊച്ചാട്ഗ്രാമ പഞ്ചായത്ത് 20//01/2020 മുതൽ 30/01/2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20/01/2020 മുതൽ 30/01/2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലകൃഷ്ണൻ കെ.എം | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ജയകുമാർ പാലോളി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജേഷ് കെ.കെ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.എം.കുഞ്ഞിക്കണ്ണൻ | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ. നാരായണൻ പി. | 01/04/2018മുതൽ 31/03/2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ഗിരിജ വി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വിജിത സി. | 01.04.2018 മുതൽ 31.03.2019 വരെ |

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.സൂരജ് കെ.രാജ് | 01.04.2018 മുതൽ 03.03.2019 വരെ |
| | | ഡോ.നീത ഗോപാൽ | 04.03.2019 മുതൽ 20.03.2019 വരെ |
| | | ഡോ.അബ്ദുൽ റാസിക്.ടി | 21.03.2019 മുതൽ 31.03.2019 വരെ |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.പി.കെ.സോമൻ | 01.04.2018 മുതൽ 31.05.2018 വരെ |
| | | ഡോ.കെ.മുഹമ്മദ് | 01.06.2018 മുതൽ 24.07.2018 വരെ |
| | | ഡോ.മുഹമ്മദ്മുസ്തഫ | 25.07.2018 മുതൽ 16.12.2018 വരെ |
| | | ഡോ.മുരളികൃഷ്ണദേവ് | 17.12.2018 മുതൽ 14.03.2019 വരെ |
| | | ഡോ.കവിത | 15.03.2019 മുതൽ 31.03.2019 വരെ |
| | ഹെഡ് മാസ്റ്റർ | നാരായണൻ എൻ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| | കൃഷി ഓഫീസർ | സ്വരൂപ് പി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ | **പ്രതീഷ്,** **വി.ഇ.ഒ, കൽപ്പത്തൂർ** | 01.04.2018 മുതൽ 31.03.2019 വരെ |
| | | **ജംഷീർ ഇ,** **വി.ഇ.ഒ,നൊച്ചാട്** | 01.04.18 മുതൽ 05.02.2019വരെ |
| | | **പ്രിയങ്ക,** **വി.ഇ.ഒ, നൊച്ചാട്** | 06.02.2019 മുതൽ 31.03.2019 വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | അജിത്കുമാർ | 01-.04.18 മുതൽ 31.03.2019 വരെ |
| | ഐ.സി.ഡി.എസ് സൂപ്പർവൈസർ | വത്സല പി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | ലീന ടി | 01.04.2018മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| | | |
|---|---|---|
| | **ഭാഗം-1** | |

| | ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തരനിയന്ത്രണം | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-3 |
| 4 | ഫണ്ട് വിനിയോഗം - ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു | 1-5 |
| 5 | കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു | 1-6 |
| 6 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-7 |
| 7 | വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ | 1-8 |
| 8 | വാടകകെട്ടിടത്തിന്റെ വാടകയ്ക്കക്ക് ജി.എസ്.ടി ഈടാക്കുന്നില്ല | 1-9 |
| 9 | ലൈസൻസ് - അപാകതകൾ | 1-10 |
| 10 | കതിരണിയും പാടം -ഗ്രൂപ്പ് നെൽകൃഷിക്ക് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്കും സബ്സിഡി അനുവദിച്ചു. | 1-11 |
| 11 | തെങ്ങിൻ തൈ വിതരണം - ഗുണഭക്തൃവിഹിതംഈടാക്കിയതിൽ അപാകത | 1-12 |
| 12 | പൊതുമരാമത്ത് പദ്ധതി രൂപീകരണ നടത്തിപ്പിലെ അപാകതകൾ | 1-13 |
| | **ഭാഗം-2**<br>**വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ | 2-1 |
| | **ഭാഗം-3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം-4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 14 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 15 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 16 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 17 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 18 | വായ്പ | 4-5 |
| 19 | സ്ഥിര നിക്ഷേപം | 4-6 |
| 20 | ഓഡിറ്റ് റിക്കവറി | 4-7 |
| 21 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 22 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 23 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 24 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 25 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 ലെ 1/1 തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 209312277 രൂപയും പ്രതീക്ഷിത ചെലവ് 203802726 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 190756550രൂപയും യഥാർത്ഥ ചെലവ് 186935880 രൂപയുമാണ്. ഡിസംബർ അവസാന വാരം ഘടക സ്ഥാപന ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപോസലുകളും ബജറ്റ് വർഷത്തേക്കുള്ള നോൺപ്ലാൺ പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം.എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 09.03.2018 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തത്. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.ബജറ്റ് എന്നത് വെറും വരവ് ചെലവുകളുടെയും സംഖ്യകളുടെയും യാന്ത്രികമായ പ്രയോഗം എന്നതിനപ്പുറം ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്.ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. വിവരാവകാശ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല എന്നു കാണുന്നു. 2018-19 വർഷം സ്റ്റാഫ് മീറ്റിംഗ് ചേർന്നതിൽ, പല മീറ്റിംഗുകളിലും ചർച്ച ചെയ്ത വിഷയങ്ങളും എടുത്ത തീരുമാനങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണം തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ 31-03-2014 വരെയുള്ളത് മാത്രമേ എഴുതി സൂക്ഷിച്ചിട്ടുള്ളൂ. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്.നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പ്രൊക്യുയർമെന്റ് മിനിട്സ് പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തെ സ്ഥാപനത്തിന്റെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മൊത്തം ആവശ്യങ്ങൾ പരിഗണിച്ച് കേന്ദ്രീകൃത വാങ്ങൽ നടപടികളിലൂടെയല്ല സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു.

## 1-3 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ താഴെപ്പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് സഞ്ചയ ഡിമാന്റ് റജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.2017-18 വർഷത്തെ വാർഷിക കണക്ക് ബി-15 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു

നികുതിയിൽ കുടിശ്ശികയില്ല. എന്നാൽ 2018-19 വർഷത്തെ സഞ്ചയ ഡിമാന്റ് റജിസ്റ്റർ പ്രകാരം 28875 രൂപ കുടിശ്ശിക ഡിമാന്റ് ആയി കാണിച്ചിട്ടുണ്ട്.

2. 2017-18 വാർഷികകണക്കിൽ ബി-9 സ്റ്റേറ്റ്മെന്റിൽ 2018-19 വർഷത്തേയ്ക്ക് മുൻകൂറായി പിരിച്ച വസ്തു നികുതി 12553 രൂപയാണ്. എന്നാൽ സഞ്ചയ ഡിമാന്റ് റജിസ്റ്ററിൽ 20037 രൂപ ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ഇതേ രീതിയിൽ 2018-19 വർഷത്തിൽ ബാലൻഷീറ്റ് ബി-9 പ്രകാരം അടുത്ത വർഷത്തെയ്ക്ക് പിരിച്ച വസ്തുനികുതി തുക 23724 രൂപയാണ്. 2018-19 സഞ്ചയ ഡിമാന്റ് റജിസ്റ്റർ പ്രകാരം അടുത്ത വർഷത്തേയ്ക്ക് പിരിച്ച വസ്തുനികുതി തുക 11106 രൂപയാണ്.
3. തൻ വർഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കി നികുതി ബാക്ക് അസ്സസ് ചെയ്യുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിലേയ്ക്കുള്ള നികുതി വരവ് 340109901 എന്ന ഹെഡിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്ചെയ്യുന്നത് . തൻ വർഷം 2229 രൂപ ഈ ഡെപ്പോസിറ്റ് ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള് സാഹചര്യങ്ങളിൽ നികുതി വരവ് വയ്ക്കുന്നതിനുള്ള സംവിധാനം സഞ്ചയ സോഫ്റ്റ് വെയറിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
5. പഞ്ചായത്ത് ലോൺ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലൈഫ് പദ്ധതിയ്ക്ക് വേണ്ടി 2018-19 വർഷത്തിൽ 9781250 രൂപ വായ്പ എടുത്തിട്ടുണ്ട്. ഇതിൽ 9760000 ഗുണഭോക്താക്കൾക്ക് നൽകിയതായി പാസ് ബുക്കിൽ നിന്ന് വ്യക്തമാണ്. എന്നാൽ പ്രസ്തുത തുക prepaid programme expense എന്ന ഹെഡിൽ (440500101) ചെലവ് രേഖപ്പെടുത്തിയിട്ടില്ല. (RP -45)
6. ബി 4സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഇതിൽ പലതും തനത് ഫണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിന് വരവ് ചെലവ് കണക്കുകൾ നിരീക്ഷിയ്ക്കുന്നതിന് പ്രത്യേകം എ.സി.ആർ തയ്യാറാക്കിയിട്ടില്ല. എ.സി.ആർ. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
7. ജില്ലാപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ച 2957880 രൂപ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു.
8. സംയുക്ത പ്രൊജക്ടുകളുടെ തുക നിക്ഷേപിക്കുന്ന TSB അക്കൗണ്ടിൽ 31.03.2019 ൽ 2170600 രൂപയാണ് നീക്കിയിരിപ്പുള്ളത് എന്നാൽ ഈയിനത്തിൽ ബി 4സ്റ്റേറ്റ്മെന്റ് പ്രകാരം .2957880 രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. മുഴുവൻ തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
9. അസിസ്റ്റന്റ് എഞ്ചിനീയർ പിരിക്കുന്ന ഇ.എം.ഡി തുകയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. 5.09.2018 ന് പഞ്ചായത്ത് നൽകിയിട്ടുള്ള 5750 രൂപയുടെ 426935 നമ്പറിലുള്ള ചെക്ക് ഇതു വരെ ക്യാഷ് ചെയ്തിട്ടില്ല. മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്തിട്ടില്ലാത്ത ചെക്കിന്റെ തുക കാലാവധികഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.-
11. ഇ-പേ പ്രകാരം പിരിച്ചെടുക്കുന്ന നികുതി തുക സഞ്ചയ പ്രകാരം പഞ്ചായത്തിൽ ക്രെഡിറ്റിൽ വരുന്നുണ്ടെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. 3/2019 ൽ വരവു വന്ന നികുതി തുക 1685 രൂപ 31.03.2019 -ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ഐ.കെ.എം ന്റെ സെർവറിൽ നിന്ന് ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യുന്നതിൽ വന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
12. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് തുക

811450 രൂപയാണ്. എന്നാൽ വരവു വന്നിട്ടുള്ളത് 794700 രൂപയും പഞ്ചായത്തിലെ ജീവനക്കാരുടെ നികുതിയായ 16250 രൂപയും ഉൾപ്പെടെ 810950 രൂപയാണ് വരവ് വന്നിട്ടുള്ളത് .500 രൂപ കുറവായിക്കാണുന്നു.

13. സ്ഥിരനിക്ഷേപ റജിസ്റ്റർ പ്രകാരം നീക്കിയിരിപ്പിൽ ഇ.എം.എസ് മെമ്മോറിയൽ ഹോസ്പിറ്റലിലെ 1000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
14. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
15. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്).പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം - ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു

തൻവർഷം 241പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 143 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 15 പ്രൊജക്ടുകൾ ഭാഗികമായി നടപ്പാക്കി. 83 പ്രൊജക്ടുകൾ ഉപേക്ഷിച്ചു. 151247023 രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 78819426 രൂപയാണ് ചെലവഴിച്ചത്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ആകെ ചെലവ് 64.83% മാത്രമാണ്.

വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ്% |
|---|---|---|---|
| പൊതുവിഭാഗം സാധാരണഫണ്ട് | 21082210 | 18640970 | 88.42% |
| എസ്.സി.പി. | 12912000 | 5799811 | 44.92% |
| ടി.എസ്.പി. | 64000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15647133 | 8702315 | 55.62% |
| മെയിന്റനൻസ് ഗ്രാന്റ് | 24441000 | 14927569 | 61% |
| ആകെ | 74146343 | 48070665 | 64.83% |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 26075678 രൂപ (74146343-48070665) പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. (സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീ. 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക) പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാക്കതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രൊജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-6 കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു

2018-19 വർഷം പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയായി 164579/-രൂപയും, ക്രമവൽക്കരണ ഫീയായി 165666/- രൂപയുമാണ് അടവാക്കിയിരിക്കുന്നത്. ക്രമവൽക്കരണ ഫീ എന്നത്

പെർമിറ്റ് ഫീസിന്റെ ഇരട്ടിയായ തുകയാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. പെർമിറ്റ് ഇല്ലാതെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്. ഇത്രയും ക്രമമവൽക്കരണ അപേക്ഷകൾ ഉണ്ടാവുമ്പോഴും പഞ്ചായത്തിലെ അനധികൃത നിർമാണ രജിസ്റ്റർ പ്രകാരം അനധികൃത നിർമ്മാണങ്ങൾ ഒന്നുപോലും ഇല്ല. ഇത് സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കപ്പെടുന്നില്ല എന്നാണ്. വാർഡ് അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്കുമാരെ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-7 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ, എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

a) പഞ്ചായത്തിൽ ട്രേഡേഴ്സ് പ്രൊഫഷൻടാക്സ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്കായി ലഭ്യമാക്കിയത് സാംഖ്യയിൽ നിന്നുള്ള തൊഴിൽ നികുതി ലഡ്ജറാണ്. ഇതിൽ എത്ര സ്ഥാപനങ്ങളാണ് തൊഴിൽ നികുതി അടവാക്കിയത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡി&ഒ ലൈസൻസ് നൽകിയിരിക്കുന്നത് 371 സ്ഥാപനങ്ങൾക്കാണ്. ഇതിൽ നിന്നും ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നുപോലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 374 സ്ഥാപനങ്ങൾ ട്രഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിലുള്ളതും ഡിമാന്റ് രജിസ്റ്ററിനേയും തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ തുക ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനുസൃതമായാണോ എന്ന് വ്യകതമല്ല. ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.

b) 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 164 | അമൃതം പൊടി നിർമ്മാണം | 9 |
| 2 | 126 | ഹോട്ടൽ ന്യൂ മൂൺ | 6 |
| 3 | 123 | നൊച്ചാട് ക്വാറി | 4 |
| 4 | 116 | ശിവാനന്ദ ഫാർമസ്യൂട്ടിക്കൽസ് | 4 |
| 5 | 51 | ബർക്ക ബ്രിക്സ് | 4 |
| 6 | 40 | മിനി ഓട്ടോ ഗ്യാരേജ് | 6 |
| 7 | 19 | ഐശ്വര്യ ഫർണിച്ചർ | 6 |
| 8 | 365 | സി.കെ മെറ്റീരിയൽസ് | 4 |
| 9 | 217 | പടിയങ്ങൽ ട്രേഡേഴ്സ് | 4 |

c) പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ 1678 ആണ്. ഇതിൽ 2018-19 സാമ്പത്തിക വർഷം വേക്കൻസി റമിഷൻ നൽകിയത് 4 കെട്ടിടങ്ങൾക്കാണ്. അതായത് 1674 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 371 ഡി & ഒ ലൈസൻസുകൾ 524 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1154 വാണിജ്യ/വ്യവസായ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

d) കെട്ടിടം വാടകയ്ക്ക് നൽകി വാടക വരുമാനം വാങ്ങുന്ന കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാക്കിയ വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാക്കുന്ന കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 6/52,53, 54 | 205 | 10000 | ശശീന്ദ്രൻ, ചെറുവത്ത് മീത്തൽ |
| 2 | 8/173 A,B,C,D | 329 | 29000 | കുഷ്ബു രാഗേഷ് , കൌസ്തുഭം |
| 3 | 12/358 -I, J,K | 126 | 75000 | ബ്ലോസം, സുബഷിത്ത് ലാൽ,സരിത്ത്, ജയശ്രീ മുതൽ പേർ |

വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. അടിയന്തിരമായി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കേണ്ടതും ട്രേഡേഴ്സ്/ ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-8 വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുന്നത് സംമ്പന്ധിച്ച് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

**1)നികുതി നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം നികുതി നഷ്ടം.**

ശ്രീ. ബിജു.സി.കെ, ചാലക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള 5/8A,B,C എന്നീ നമ്പർ കെട്ടിടങ്ങളുടെ കംപ്ളീഷൻ പ്ലാൻ പ്രകാരം കെട്ടിടം ആകെ 1049.82 ച.മീ ഉള്ളതായി പറയുന്നു. എന്നാൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കിയത് ആകെ 824.59 ച.മീ. നാണ് . കെട്ടിടത്തിന്റെ പാർക്കിംഗ് വിസ്തീർണ്ണം 225.23ച.മീ നികുതി കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ല. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ളതും പ്രാഥമിക മേഖലയിൽ ഉൾപ്പെട്ടതുമായ മേൽ കെട്ടിടത്തിൽ നിന്നുമുള്ള നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

അടിസ്ഥാന വസ്തുനികുതി നിരക്ക്-80/ച.മീ

നികുതി- 225.23*80=18019

വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് -20%= 18019*20/100

= 3603/-

ആകെ = 18019+3603

നഷ്ടം = 21622+(LC-5% = 1082)

ആകെ **= 22704/-**

**2) വാണിജ്യ കെട്ടിടങ്ങളിൽ 100 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100ച.മീ ൽ കുറഞ്ഞ കെട്ടിടമായി കണക്കാക്കുന്നു.**

a) കുഞ്ഞാമിന, ചെട്ട്യം വീട്ടിൽ, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 8/18A,B,C,D എന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 121.11 ച.മീ ആണ്. എന്നാൽ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ 100 ച.മീ ൽ കൂടുതലുള്ള ഒറ്റ യൂണിറ്റായി(നികുതി നിരക്ക് -50/ച.മീ) കണക്കാക്കാതെ വ്യത്യസ്ത നമ്പർ നൽകിയപ്പോൾ 100 ച.മീ കുറവുള്ള (നികുതി നിരക്ക് -30/ച.മീ) കെട്ടിടമായി കണക്കാക്കി. ഇതുമൂലം ഉണ്ടായ നികുതി നിരക്ക് നഷ്ടം ചുവടെ കൊടുക്കുന്നു. കെട്ടിടം പ്രാഥമിക മേഖലയിലാണ്

ഈടാക്കിയ നികുതി 121.11*30= 3634+ (20% വഴിയുടെ വർദ്ധന= 727)

= 4361+(LC- 218)

ഈടാക്കേണ്ട നികുതി 121.11*50= 6056+(20% വഴിയുടെ വർദ്ധന= 1211)

= 7267+ (LC- 364)

നഷ്ടം = **2906+(LC-146)**

b) ശ്രീ. മുഹമ്മദ് കോയ, നടുക്കണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 6/170A,Bഎന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 163.42 ച.മീ ആണ്. എന്നാൽ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ 100 ച.മീ ൽ കൂടുതലുള്ള ഒറ്റ യൂണിറ്റായി(നികുതി നിരക്ക് -50/ച.മീ) കണക്കാക്കാതെ വ്യത്യസ്ത നമ്പർ നൽകിയപ്പോൾ 100 ച.മീ കുറവുള്ള (നികുതി നിരക്ക് -30/ച.മീ) കെട്ടിടമായി കണക്കാക്കി. ഇതുമൂലം ഉണ്ടായ നികുതി നിരക്ക് നഷ്ടം ചുവടെ കൊടുക്കുന്നു. കെട്ടിടം പ്രാഥമിക മേഖലയിലാണ്.

ഈടാക്കിയ നികുതി 163.42*30= 4903+ (20% വഴിയുടെ വർദ്ധന= 981)

= 5884+(LC- 294)

ഈടാക്കേണ്ട നികുതി 163.42*50= 8171+(20% വഴിയുടെ വർദ്ധന= 1634)

= 9805+ (LC- 490)

നഷ്ടം = **3921+(LC-196)**

3) ശ്രീ. ശങ്കരൻ, മൂർക്കൻകണ്ടി, ശ്രീവൈശാഖ്, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 5/79A,B,C എന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 683.35 ച.മീ ആണ് . ഫോം നം 6 പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളുടേയും തറ നിർമ്മിതി മേൽത്തരം തറ എന്നാണ് നൽകിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തെ ഒറ്റ യൂണിറ്റായി കണക്കാക്കാത്തതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന നികുതി കണക്കാക്കിയപ്പോൾ വന്നിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

നികുതി- 683.35*50=34168/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന- 15%=(683.35*15/100)= 5125/- ഈ തുക നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

നികുതി നഷ്ടം = **5125 + (LC-256)**

4) ശ്രീ.ബാലകൃഷ്ണൻ.കെ, കല്ലോത്ത്, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 5/125 A മുതൽ P വരെ നമ്പറുള്ള കെട്ടിടത്തിന് ആകെ വിസ്തീർണ്ണം 646.51 ച.മീ ആണ് സഞ്ചയ പ്രകാരം നികുതി കണക്കാക്കിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 678.62 ച.മീ ഉണ്ട്. 32.11 ച.മി കുറച്ചാണ് നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഈ കെട്ടിടത്തിലെ 177.91ച.മീ ഭാഗം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടമായും 468.6 ച.മീറ്റർ 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടവുമായുമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ 468.6 ച.മീ മേൽത്തരം തറയാണ് എന്നും ഫോം 6 പ്രകാരം ഉണ്ട്. എന്നാൽ ഇതിന്റെ 15% വർദ്ധനവ് നികുതി കണക്കാക്കിയതിൽ ഉൾപ്പെട്ടിട്ടില്ല. നികുതി നഷ്ടത്തിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

a)5/125A മുതൽ H വരെ ആകെ വിസ്തീർണ്ണം 177.91ച.മീ

നികുതി കണക്കാക്കിയത് - 177.91*30=5337+(20% വഴി-വർദ്ധന- 1067)

ആകെ നികുതി = 6404+(LC- 320)

യഥാർഥത്തിൽ നികുതി കണക്കാക്കേണ്ടത് = 177.91*50=8896+(20% വഴി-വർദ്ധന- 1779)

ആകെ നികുതി = 10675+(LC- 534)

നികുതി നഷ്ടം= **4271 + (LC- 214)**

b) 5/125 I മുതൽ Pവരെ ആകെ വിസ്തീർണ്ണം 468.6 ച.മീ

നികുതി കണക്കാക്കിയത് 50/ച.മീ ന് എന്ന തോതിലാണ്. ഇതുപ്രകാരം തറ നിർമ്മിതിയുടെ വർദ്ധനവ്

നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെട്ടിട്ടില്ല.

നികുതി = 468.6*50=23430

നികുതി നഷ്ടം= (തറ നിർമ്മിതിവർദ്ധനവ്) 15%= 23430*15/100= 3515/-

നികുതി നഷ്ടം= 3515 + (LC-176)

**ആകെ നഷ്ടം (a+b) = 4271+3515 = 7786 (LC-390)**

നികുതി കണക്കാക്കിയതിലെ അപാകതകൾ മൂലം മേൽ പരാമർശിച്ച 4 ഖണ്ഡികകളിലായി ആകെ നികുതിയിനത്തിൽ 41360/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 2070 രൂപയും നഷ്ടപ്പെട്ടു. നികുതി കണക്കാക്കിയതിലെ അപാകതകൾ പരിഹരിക്കേണ്ടതും നികുതിയിനത്തിലുണ്ടായ നഷ്ടം ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. നികുതി കണക്കാക്കുമ്പോൾ വാർഡ് ക്ലാർക്ക് കണക്കാക്കിയ നികുതി കൃത്യത ഉത്തരവാദപ്പെട്ടവർ കൃത്യമായി പരിശോധിക്കേണ്ടതും നികുതി കണക്കാക്കുന്നതിലെ അപാകത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-9 വാടകകെട്ടിടത്തിന്റെ വാടകയ്ക്കക്ക് ജി.എസ്.ടി ഈടാക്കുന്നില്ല

2018-19 വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്നേഹ ഫുഡ് പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും കെട്ടിട വാടക 4000/- രൂപ തോതിൽ ഈടാക്കിയെങ്കിലും വാടക കെട്ടിടങ്ങൾക്ക് ബാധകമായ 18% ജി.എസ്.ടി 2018 ജൂലൈ മുതൽ ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിലുള്ള നഷ്ടം ചുവടെ കൊടുക്കുന്നു.

ജൂലൈ മുതൽ മാർച്ച് വരെയുള്ള നഷ്ടം = 9*720 = 6480/-

മേൽ സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി ഇനത്തിലെ നഷ്ടം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-10 ലൈസൻസ് - അപാകതകൾ

പഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ 1678 ആണ്. ഇതിൽ 2018-19 സാമ്പത്തിക വർഷം വേക്കൻസി റമിഷൻ നൽകിയത് 4 കെട്ടിടങ്ങൾക്കാണ്. അതായത് 1674 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 371 ഡി & ഒ ലൈസൻസുകൾ 524 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1154 വാണിജ്യ/വ്യവസായ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്.. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന

വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11 കതിരണിയും പാടം -ഗ്രൂപ്പ് നെൽകൃഷിക്ക് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്കും സബ്സിഡി അനുവദിച്ചു.

നിർവ്വഹണം-കൃഷി ഓഫീസർ

അടങ്കൽ -457300 (തനത് ഫണ്ട്-241825,ബ്ലോക്ക് വിഹിതം-85000,
ജില്ലാപഞ്ചായത്ത് വിഹിതം -102000, ഗുണഭോക്തൃവിഹിതം-28475)
ബ്ലോക്ക് വിഹിതം-54400/-

ചെലവ് -232450 (തനത്ഫണ്ട്-76050 /-,

ജില്ലാപഞ്ചായത്ത് വിഹിതം- 102000/-

ഓഡിറ്റ് വർഷം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് പദ്ധതികൾ ഗ്രാമപഞ്ചായത്ത് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 50 സെന്റിൽ മകരം കൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾക്ക് കൂലിചെലവ് സബ്സിഡി അനുവദിക്കുന്നതിനായി ഒരു പ്രോജക്ടും, 50 സെന്റിൽ പുഞ്ചകൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾക്ക് സൗജന്യമായി വിത്ത് വളം,കൂലിചെലവ് എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്നതിനായി മറ്റൊരു പ്രോജക്ടും. മേൽ പ്രോജക്ടുകളുടെ നിർവ്വഹണം പരിശോധിച്ചതിൽ പുഞ്ചകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച 99/18-19 പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ് മെന്റ് അതോറിറ്റിയിൽ നിന്നും 12-12-2018ലെ 1790/18-19 ബിൽ പ്രകാരം 31200/- രൂപയ്ക്ക് 780 കിലോ കാഞ്ചന നെൽവിത്ത് വാങ്ങിയിട്ടുണ്ട്. വിത്തിന്റെ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ 46 ഗ്രൂപ്പുകൾക്കായി 736 കിലോ വിത്തേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 44 കിലോ നെൽവിത്ത് ഉപയോഗിച്ചിട്ടില്ല . പദ്ധതിയിൽ വളത്തിന് സബ്സിഡി അനുവദിക്കുന്നതിനായി ഗ്രൂപ്പ് ഒന്നിന് 975 രൂപ വീതം 44850 രൂപയും കൂലിചെലവിനത്തിൽ ഒരുഗ്രൂപ്പിന് 3400/- രൂപ വീതം 156400 രൂപയും ഗ്രൂപ്പ് കൺവീനർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.എന്നാൽ പുഞ്ചകൃഷിക്ക് മേൽ സഹായങ്ങൾ അനുവദിച്ച 46 ഗ്രൂപ്പിൽ 26 ഗ്രൂപ്പുകളും പഞ്ചായത്ത് പദ്ധതിക്കായി അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഗ്രൂപ്പ് കൺവീനറുടെ പേര് | ഗ്രൂപ്പ് | വാർഡ് |
|---|---|---|---|
| 1 | ബഷീർ.പി | നന്മ | 10 |
| 2 | ഭാർഗ്ഗവി | ഒരുമ ഓരാമ്പോക്കിൽ | 14 |
| 3 | ഷീജ | തോട്ടടംഭാഗം | 12 |
| 4 | ബീന | തനിമ | 10 |
| 5 | കുഞ്ഞിക്കണ്ണൻ | ഉണർവ് | 2 |

| | | | |
|---|---|---|---|
| 6 | ശ്രീനിവാസൻ നമ്പൂതിരി | കാമ്പ്രത്ത് | 1 |
| 7 | സുബ്രഹ്മന്യൻ നമ്പൂതിരി | കാമ്പ്രത്ത് | 1 |
| 8 | ഷൈജ | നന്മ | 11 |
| 9 | ബാലൻ നായർ | ഹരിതം | 15 |
| 10 | അബ്ദുൽ അസീസ് | വയലോരം | 11 |
| 11 | നാരായണി.കെ.വി | സംഘശ്രീ | 1 |
| 12 | ശാരദ | നീലിമ | 8 |
| 13 | കുഞ്ഞിരാമൻ നായർ | പഞ്ചമി | 12 |
| 14 | ഇബ്രാഹിം.വി.പി.കെ | ഫ്രണ്ട്സ് | 15 |
| 15 | ബേബി. | തിരുവോണം | 3 |
| 16 | പ്രേമൻ | പഴോടത്തിൽ | 2 |
| 17 | നാരായണൻ | നാട്ടുവരമ്പ് | 17 |
| 18 | ശാലിനി | സൂര്യ | 8 |
| 19 | സറീന | മലർ | 7 |
| 20 | രാമചന്ദ്രൻ | ഹരിത | 10 |
| 21 | കുഞ്ഞിരാമൻ | നന്മ | 1 |
| 22 | രാധാമണി | കതിർ | 14 |
| 23 | ബാലകൃഷ്ണൻ | പച്ചക്കടൽ | 9 |
| 24 | കുഞ്ഞമ്മദ് | കൈരളി | 12 |
| 25 | കൃഷ്ണദാസ് | നക്ഷത്ര | 14 |
| 26 | കുഞ്ഞിക്കണ്ണൻ | കാരയിൽ | 11 |

കതിരണിയും പാടം- ഗ്രൂപ്പ് നെൽകൃഷിക്കായി പഞ്ചായത്ത് 178 ഗ്രൂപ്പുകളെ പദ്ധതിക്കുള്ള ഗുണഭോക്താക്കളായി അംഗീകരിച്ചിരിക്കെ ഇതിൽപ്പെടാത്ത 26 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. സ.ഉ(കൈ)നം.11/2018/തസ്വഭവ,തീയ്യതി 29.01.2018 ഖണ്ഡിക 11.3 .15 പ്രകാരം തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നവെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്നോ അർഹർ ഒഴിവായിപ്പോയെന്നോ കരുതുന്നവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്.അനർഹരെ ഒഴിവാക്കുന്ന സന്ദർഭത്തിൽ ഗ്രാമസഭയുടെ സാധൂകരണം തേടിയാൽ മതിയാകും എന്നാൽ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാവണം. മേൽ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 26 ഗ്രൂപ്പുകൾക്ക് നൽകിയ 130390 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-12 തെങ്ങിൻ തൈ വിതരണം - ഗുണഭോക്തൃവിഹിതംഈടാക്കിയതിൽ

അപാകത

നിർവ്വഹണം -കൃഷി ഓഫീസർ

അടങ്കൽ -198900/- (വികസനഫണ്ട്- 149175/-, ഗുണഭോക്തൃവിഹിതം-49725/-)

ചെലവ് -198900/-

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2652 തെങ്ങിൻ തൈകൾ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. നിർവ്വഹണത്തിന്റെ ഭാഗമായി പന്തലായനി ബ്ലോക്ക് അഗ്രോസെന്ററിൽ നിന്നും 75 രൂപ നിരക്കിൽ 2652 വെസ്റ്റ് കോസ്റ്റ് ടോൾ ഇനം തെങ്ങിൻ തൈകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. തെങ്ങിൻ തൈകളുടെ വിലയായി 149175/- രൂപ വികസനഫണ്ടും 49725/-രൂപ ഗുണഭോക്തൃവിഹിതവുമടക്കം 198900/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി പഞ്ചായത്ത് രസീതി പ്രകാരം ഓരോ കർഷകരിൽ നിന്നും അവർക്ക് ആവശ്യമായ തെങ്ങിൻതൈകളുടെ എണ്ണത്തിനാനുപാതികമായി ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നതിന് പകരം ഓരോ വാർഡ് കൺവീനർമാരും കർഷകരിൽ നിന്നും തുക കളക്ട് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 28-09-2018 ലെ 118010102079 നമ്പർ സാംഖ്യാരസീത് പ്രകാരം 50388/-രൂപ ഫ്രണ്ട് ഓഫീസിൽ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.പഞ്ചായത്ത് പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടത് പഞ്ചായത്ത് അച്ചടിച്ച് നൽകുന്ന രസീത് പുസ്തകം വഴിയാണ്. ഓരോ ഗുണഭോക്താവിനും അവർ നൽകുന്ന തുകയ്ക്ക് ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയ തീയ്യതി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും പ്രസ്തുത തുക അതാത് ദിവസം അല്ലെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. ആയതിന് വിരുദ്ധമായി ഗുണഭോക്തൃവിഹിതം കൺവീനർനമാർ വഴി കളക്ട് ചെയ്തത് പദ്ധതി നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുത്തുന്നു. ഇത് കാരണം അർഹരായ കർഷകരിൽ നിന്നാണോ ഗുണഭോക്തൃവിഹിതം ഈടാക്കിയത്, ഏത് നിരക്കിലാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയത് എന്നാണ് തുക ഈടാക്കിയത്, തുക പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ടോ എന്നിവയിൽ സംശയം ജനിപ്പിക്കുന്നു. നിശ്ചിത എണ്ണം തെങ്ങിൻതൈകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി മേൽ അപാകത കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർ വർഷ പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം കർഷകരിൽ നിന്നും കൃഷിഭവൻമുഖേന തന്നെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-13 പൊതുമരാമത്ത് പദ്ധതി രൂപീകരണ നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1-പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.**

ഓഡിറ്റ് വർഷം ആകെ 88 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 30 എണ്ണത്തിൽ തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.ഇതിൽ തന്നെ 19 എണ്ണം പുതിയ പ്രോജക്ടുകളും 11 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളുമാണ്.എസ്.സി.പി ഫണ്ട് വകയിരുത്തിയ നാല് പ്രവൃത്തികളിൽ ഒന്നിൽ മാത്രമേ തൻ വർഷം ചെലവുള്ളൂ. ഇത് കാരണം പദ്ധതികൾക്കായി വകയിരുത്തിയ 2219028/- രൂപ എസ്.സി.പി വിഹിതത്തിൽ 167519/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാതെ വന്നതിന് ഒരുകാരണം പദ്ധതികളുടെ എണ്ണക്കൂടുതൽ കൊണ്ടാണ്. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള

പൊതുമരാമത്ത് പ്രവത്തികളുടെ രൂപീകരണം പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കാനും കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്താൻ കഴിയാതെയും വരുന്നതിനിടയാക്കുന്നു. ഇത് ആത്യന്തികമായി ഫണ്ട് നഷ്ടപ്പെടുന്നതിലേക്കും പഞ്ചായത്ത് പൊതുജനങ്ങൾക്കൾക്ക് സമയബന്ധിമായി ലഭ്യമാകേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസത്തിനും ഇടയാക്കുന്നു.

**2-എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.**

ഓഡിറ്റ് വർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഒന്നിലും പ്രവൃത്തി നടത്തുന്ന ദൂരത്തിന്റ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിലും, സൈറ്റ് പ്ളാനിലും, എം ബുക്കിലും ചെയിനേജ് സംബന്ധിച്ച വിശദാംശങ്ങളില്ല. ഓഡിറ്റ് വർഷത്തെ ഭൂരിഭാഗം റോഡ് പ്രവൃത്തികളും 150 - 300 മീറ്റർ നീളത്തിൽ റോഡിലെ ഭാഗിക പ്രവൃത്തികളാണെന്നിരിക്കെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു. ഉദാഹരണമായി കിളിയാലൻകണ്ടി സഹകരണ റോഡിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 162 മീറ്റർ റോഡ് കോൺക്രീറ്റിങ്ങാണ് എന്നാൽ എം. ബുക്ക് നം-92/18-19 പ്രകാരം 184.9 മീറ്റർ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തുകയും മൂല്ല്യനിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ മൂന്നാമതൊരു ഏജൻസിക്ക് റോഡിൽ ഏത് മുതൽ എവിടെ വരെയാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു.

**3-മോണിറ്ററിംഗ് റിപ്പോർട്ടില്ല**

തൻ വർഷം പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടില്ല. പദ്ധതി രൂപീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും മേൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതും. പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും ചെറിയ മാറ്റങ്ങളോടെ പ്രവൃത്തി നിർവ്വഹണം ചെയ്യുന്ന ഘട്ടങ്ങളിൽ പോലും വർക്കിംഗ് ഗ്രൂപ്പ് മേൽ മാറ്റങ്ങളുടെ ആവശ്യകത ചർച്ചചെയ്യുകയോ ഇത് സംബന്ധിച്ച ശുപാർശകൾ നൽകുകയോ ചെയ്യുന്നില്ല. മേഖലയെ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ അടിസ്ഥാന വിവരങ്ങൾ ഉൾപ്പടുത്തിയിട്ടുണ്ടെങ്കിലും മേഖലയെ സംബന്ധിച്ച പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ തൻ വർഷം രൂപീകരിച്ച പദ്ധതികൾ മേഖല നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരമാകുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു.

**4-പ്രോജക്ട് രേഖകൾ അപൂർണ്ണം.**

പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് പരിശോധിച്ചതിൽ കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയത് സംബന്ധിച്ച രേഖകൾ എന്നിവ പദ്ധതി ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, തുടർവർഷങ്ങളിലെ പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ അപാകതകൾ ആവർത്തിക്കപ്പെടുന്നില്ല എന്ന് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1)നികുതി നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം നികുതി നഷ്ടം.

ശ്രീ. ബിജു.സി.കെ, ചാലക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള 5/8A,B,C എന്നീ നമ്പർ കെട്ടിടങ്ങളുടെ കംപ്ളീഷൻ പ്ലാൻ പ്രകാരം കെട്ടിടം ആകെ 1049.82 ച.മീ ഉള്ളതായി പറയുന്നു. എന്നാൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കിയത് ആകെ 824.59 ച.മീ. നാണ്. കെട്ടിടത്തിന്റെ പാർക്കിംഗ് വിസ്തീർണ്ണം 225.23ച.മീ നികുതി കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ല. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ളതും പ്രാഥമിക മേഖലയിൽ ഉൾപ്പെട്ടതുമായ മേൽ കെട്ടിടത്തിൽ നിന്നുമുള്ള നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

അടിസ്ഥാന വസ്തുനികുതി നിരക്ക്-80/ച.മീ

നികുതി- 225.23*80=18019

വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് -20%= 18019*20/100= 3603/-

ആകെ = 18019+3603 = 21622+(LC-5% = 1082)

നഷ്ടം = **22704/-**

2) വാണിജ്യ കെട്ടിടങ്ങളിൽ 100 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100ച.മീ ൽ കുറഞ്ഞ കെട്ടിടമായി കണക്കാക്കുന്നു.

a) കുഞ്ഞാമിന, ചെട്ട്യം വീട്ടിൽ, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 8/18A,B,C,D എന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 121.11 ച.മീ ആണ്. എന്നാൽ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ 100 ച.മീ ൽ കൂടുതലുള്ള ഒറ്റ യൂണിറ്റായി (നികുതി നിരക്ക് -50/ച.മീ) കണക്കാക്കാതെ വ്യത്യസ്ത നമ്പർ നൽകിയപ്പോൾ 100 ച.മീ കുറവുള്ള (നികുതി നിരക്ക് -30/ച.മീ) കെട്ടിടമായി കണക്കാക്കി. ഇതുമൂലം ഉണ്ടായ നികുതി നിരക്ക് നഷ്ടം ചുവടെ കൊടുക്കുന്നു. കെട്ടിടം പ്രാഥമിക മേഖലയിലാണ്.

ഈടാക്കിയ നികുതി 121.11*30= 3634+ (20% വഴിയുടെ വർദ്ധന= 727) = 4361+(LC- 218)

ഈടാക്കേണ്ട നികുതി 121.11*50= 6056+(20% വഴിയുടെ വർദ്ധന= 1211) = 7267+ (LC- 364)

നഷ്ടം = **2906+(LC-146)**

b) ശ്രീ. മുഹമ്മദ് കോയ, നടുക്കണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 6/170A,Bഎന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 163.42 ച.മീ ആണ്. എന്നാൽ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തെ 100 ച.മീ ൽ കൂടുതലുള്ള ഒറ്റ യൂണിറ്റായി(നികുതി നിരക്ക് -50/ച.മീ) കണക്കാക്കാതെ വ്യത്യസ്ത നമ്പർ നൽകിയപ്പോൾ 100 ച.മീ കുറവുള്ള (നികുതി നിരക്ക് -30/ച.മീ) കെട്ടിടമായി കണക്കാക്കി. ഇതുമൂലം ഉണ്ടായ നികുതി നിരക്ക് നഷ്ടം ചുവടെ കൊടുക്കുന്നു. കെട്ടിടം പ്രാഥമിക മേഖലയിലാണ്.

ഈടാക്കിയ നികുതി 163.42*30= 4903+ (20% വഴിയുടെ വർദ്ധന= 981) = 5884+(LC- 294)

ഈടാക്കേണ്ട നികുതി 163.42*50= 8171+(20% വഴിയുടെ വർദ്ധന= 1634) = 9805+ (LC- 490)

നഷ്ടം = **3921+(LC-196)**

3) ശ്രീ. ശങ്കരൻ, മൂർക്കൻകണ്ടി, ശ്രീവൈശാഖ്, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 5/79A,B,C എന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 683.35 ച.മീ ആണ് . ഫോം നം 6 പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളുടേയും തറ നിർമ്മിതി മേൽത്തരം തറ എന്നാണ് നൽകിയിരിക്കുന്നത്.

എന്നാൽ കെട്ടിടത്തെ ഒരു യൂണിറ്റായി കണക്കാക്കാത്തതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന നികുതി കണക്കാക്കിയപ്പോൾ വന്നിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

നികുതി- 683.35*50=34168/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന- 15%=(683.35*15/100) = 5125/- ഈ തുക നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

നികുതി നഷ്ടം =5125+(LC-256)

4) ശ്രീ.ബാലകൃഷ്ണൻ.കെ, കല്ലോത്ത്, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ള 5/125 A മുതൽ P വരെ നമ്പറുള്ള കെട്ടിടത്തിന് ആകെ വിസ്തീർണ്ണം 646.51 ച.മീ ആണ് സഞ്ചയ പ്രകാരം നികുതി കണക്കാക്കിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 678.62 ച.മീ ഉണ്ട്. 32.11 ച.മി കുറച്ചാണ് നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഈ കെട്ടിടത്തിലെ 177.91ച.മീ ഭാഗം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടമായും 468.6 ച.മീറ്റർ 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടവുമായുമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ 468.6 ച.മീ മേൽത്തരം തറയാണ് എന്നും ഫോം 6 പ്രകാരം ഉണ്ട്. എന്നാൽ ഇതിന്റെ 15% വർദ്ധനവ് നികുതി കണക്കാക്കിയതിൽ ഉൾപ്പെട്ടിട്ടില്ല. നികുതി നഷ്ടത്തിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

a)5/125A മുതൽ H വരെ ആകെ വിസ്തീർണ്ണം 177.91ച.മീ

നികുതി കണക്കാക്കിയത് - 177.91*30=5337+(20% വഴി-വർദ്ധന- 1067)

ആകെ നികുതി = 6404+(LC- 320)

യഥാർത്ഥത്തിൽ നികുതി കണക്കാക്കേണ്ടത് = 177.91*50=8896+(20% വഴി-വർദ്ധന- 1779)

ആകെ നികുതി = 10675+(LC- 534)

നികുതി നഷ്ടം= 4271 + (LC- 214)

b) 5/125 I മുതൽ Pവരെ ആകെ വിസ്തീർണ്ണം 468.6 ച.മീ

നികുതി കണക്കാക്കിയത് 50/ച.മീ ന് എന്ന തോതിലാണ്. ഇതുപ്രകാരം തറ നിർമ്മിതിയുടെ വർദ്ധനവ് നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെട്ടിട്ടില്ല.

നികുതി = 468.6*50=23430

നികുതി നഷ്ടം= (തറ നിർമ്മിതിവർദ്ധനവ്) 15%= 23430*15/100= 3515/-

നികുതി നഷ്ടം= 3515+(LC-176)

**ആകെ നഷ്ടം (a+b) = 4271 + 3515 = 7786(LC-390)**

നികുതി കണക്കാക്കിയതിലെ അപാകതകൾ മൂലം മേൽ പരാമർശിച്ച 4 ഖണ്ഡികകളിലായി ആകെ നികുതിയിനത്തിൽ 41360/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 2070 രൂപയും നഷ്ടപ്പെട്ടു. നികുതി കണക്കാക്കിയതിലെ അപാകതകൾ പരിഹരിക്കേണ്ടതും നികുതിയിനത്തിലുണ്ടായ നഷ്ടം ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. നികുതി കണക്കാക്കുമ്പോൾ വാർഡ് ക്ലാർക്ക് കണക്കാക്കിയ നികുതി കൃത്യത ഉത്തരവാദപ്പെട്ടവർ കൃത്യമായി പരിശോധിക്കേണ്ടതും നികുതി കണക്കാക്കുന്നതിലെ അപാകത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09/07/2019 മുതൽ 10/07/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(48) തീ.30/07/2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 125000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | കതിരണിയും പാടം | 54400 | 45600 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ക്ഷീരഗ്രാമം പദ്ധതി | 250000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 325000 | ക്ഷീരഗ്രാമം പദ്ധതി | 287500 | 37500 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 494099 | ലൈഫ് എസ്.സി. | 494099 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 1371157 | ലൈഫ് ജനറൽ | 371157 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 102000 | കതിരണിയും പാടം | 102000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.
തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | രാരോത്ത് മുക്ക് രാമല്ലൂർ റോഡ് നവീകരണം | 2018-19 | 700000 | 0 | 700000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം. എസ് ലോൺ | സ.ഉ (സാധ) 207/2009 തിയതി.07.11.09<br>306/09തീ.07.12.2011 | 1836648 | 1836648 | 0 | 0 |
| ഹഡ്കോ വായ്പ | - | 9781250 | - | - | 9781250 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2430133 |
| തൻവർഷം നിക്ഷേപിച്ച തുക | 217813 |
| ആകെ | 2647946 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2647946 |
|---|---|

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് കൽപ്പത്തൂർ ബ്രാഞ്ച് | 29.01.2019 | 1വർഷം | 2637946 | - |
| 2 | ഇ.എം.എസ്. ആശുപത്രി ഷെയർ | - | - | 10000 | - |
| ആകെ | | | | 2647946 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-5 | 4920 | | 118010101502,1519,1527,1528, 1552,1557,1558 |
| 2017-18 | 2-4 | 8400 | | 118010102821,2824,2835,2841, 2853,2876,2901 |
| 2017-18 | 2-1 | 386 | സൗമ്യ ,അച്ചൻകണ്ടിയിൽ | 118010103818 |
| 2017-18 | 2-2 | 192 | അബ്ദുൾസലാം,നെല്ലിയുള്ള പറമ്പിൽ | 118010103822 |
| ആകെ | | 13898 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2014-15 | 4.1.5 | 2014-15 | 4.1.5 | 2006-07 ൽ 407782/- രൂപ ചെലവിൽ പണിത വനിതാ കാന്റീൻ കെട്ടിടം ഉപയോഗമില്ലാതെ ചോരുന്ന നിലയിൽ കാണപ്പെട്ടു. | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85292526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75741569 |
| വരവിനങ്ങളിലുള്ള നഷ്ടം | 41360 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 130390 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 41360 | | നാരായണൻ പി,<br>സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 130390 | അശ്വതി ഹർഷൻ,<br>കൃഷി ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ലൈബ്രറിസെസ്-2070/-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നാരായണൻ പി, സെക്രട്ടറി | നാരായണൻ പി, സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് | പുല്യക്കിൽ ഹൗസ്, കായണ്ണബസാർ |
| അശ്വതി ഹർഷൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൂത്താളി ഗ്രാമപഞ്ചായത്ത്. | പ്രിയാ നിവാസ് കോട്ടൂർ പി.ഒ നടുവണ്ണൂർ -673614 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ. ഡി.പി8/2540/18 തീ.30.04.2018 | 3 (32,33,34) |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ. ഡി.പി8/2540/18 തീ.30.04.2018 | 4 (3,5,6,7) |
| 2002-03 | കെ.എസ്.എ.കെ.കെ. ഡി.പി8/2540/18 തീ.30.04.2018 | 1 (3-7) |
| 2005-06 | കെ.എസ്.എ.കെ.കെ. ഡി.പി8/2540/18 തീ.30.04.2018 | 7 3-2,3-3(എ,ബി), 3-4,3-5എ,3-7 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 11<br>(3-2,3-5(1,2,3), 3-7(2), 3-8,3-10,<br>3-11(3,4) 3-12(2,3), |
| 2007-08 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 19<br>(2-4, 2-9,2-10,2-11, 2-13, 3-2,3-3,<br>3-4, 3-5, 3-7, 3-8,<br>3-10, 3-12, 3-13, 3-15,3-16, 3-17, 3-18,<br>3-19, |
| 2008-09 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 6<br>3-1, 3-3, 3-4, 3-5, 3-6, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 5<br>3-1, 3-3, 3-4, 3-5, 3-8, |
| 2010-11,2011-12 | എൽ എഫ് കെ കെ ഡി/പി4<br>/1232/15 18.2.16 | 12<br>2-1, 2-2, 3-2, 3-3, 3-4, 3-7, 3-9, 3-11,<br>3-12, 3-16,<br>3-20, 3-22, 3-25 |
| 2012-13,2013-14 | എൽ എഫ് കെ കെ ഡി/പി4<br>/1231/15 18.02.2016 | 16<br>2-1,2-2, 3-2, 3-3, 3-4,3-5,3-6 3-7,<br>3-10(1), 3-10(2),<br>3-12, 3-15, 3-16, 3-17, 3-20, 4-1 |
| 2014-15 | കെ എസ് എ കെ കെ<br>ഡി/പി8/2329/ 17 19.2.18 | 6<br>2-1(1),2-2, 3-1,3-2,3-4,3-5 |
| 2015-16 | കെ എസ് എ കെ.കെ.ഡി/പി<br>*4/2098/2016 തീ.5.5.17* | 36<br>2-1,2-2,2-3,2-4,2-5,2-6,2-7,2-8 3-1,<br>3-2,3-3,<br>3-4,3-5,3-6,3-7,3-8<br>3-9,3-10,3-11,3-12,3-13,3-14, |

| | | |
|---|---|---|
| | | 3-15,3-16,3-17,3-18,3-19,3-20,<br>3-21,3-22,<br>3-23,3-24,3-25,3-26, 3-27,3-28 |
| 2016-17 | *കെ എസ് എ കെ.കെ.ഡി/പി 4/1819/2017 തീ.19.2.18* | *24*<br>*2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,*<br>*3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,*<br>*3-15, 3-16, 3-18, 3-19, 3-20, 3-21* |
| 2017-18 | നം.കെ.എസ്.എ/കെ.കെ.ഡി /പി8/2642/2018തീ.<br>12.12.18 | 2-1,2-2,3-1,3-2,3-3,3-4,3-5,3-6,3-7,<br>3-8,3-9,<br>3-10,3-11,3-12,3-13,3-14,3-15,3-16,3-17 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## <u>അനുബന്ധം.1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ. കെ.കെ.ഡി.പി.8/171/2020 തീയതി 14.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-3 കാണുക) ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്